**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **07-10-2024 - ൽ മറുപടിയ്ക്ക്**

**എക്സ്ഇസി കോവിഡ് വകഭേദത്തിനെതിരെയുള്ള മുൻകരുതൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | എക്സ്ഇസി എന്ന അതിവേഗ വ്യാപനശേഷിയുള്ള കോവിഡിന്റെ വകഭേദം യൂറോപ്പ് അടക്കമുള്ള വിദേശരാജ്യങ്ങളിൽ ആശങ്കവരുത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | എക്സ്ഇസി എന്ന അതിവേഗ വ്യാപനശേഷിയുള്ള കോവിഡിന്റെ വകഭേദം ചില രാജ്യങ്ങളിൽ പടർന്നുപിടിക്കുന്നതായി പത്രമാധ്യമങ്ങളിൽ നിന്നും അറിയാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഈ പുതിയ വൈറസിനെതിരെ മുൻകരുതലെടുക്കുന്നതു സംബന്ധിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽ നിന്നും ഏതെങ്കിലും നിർദ്ദേശം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ലഭിച്ചിട്ടില്ല. |
| (സി) | രാജ്യത്ത് എവിടെയെങ്കിലും എക്സ്ഇസി പോലുള്ള കോവിഡ് വകഭേദങ്ങൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | റിപ്പോർട്ട് ചെയ്തതായി അറിയാൻ സാധിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് കോവിഡ് വകഭേദങ്ങളോ മറ്റ് പകർച്ചവ്യാധികളോ റിപ്പോർട്ട് ചെയ്താൽ ആവശ്യമായ മുൻകരുതൽ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്.<br>1. കോവിഡ് ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ എത്രയും വേഗം കണ്ടുപിടിക്കുന്നതിനായി സുശക്തമായ സർവേയലൻസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.<br>2. ദിവസേനയുള്ള കോവിഡ് പോസിറ്റീവ് നിരക്കും, മറ്റു പകർച്ചവ്യാധികളുടെ വിവരങ്ങളും വിശകലനം ചെയ്യുകയും ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>3. ആവശ്യമായ ടെസ്റ്റിംഗ് സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും സുസജ്ജമാണ്.<br>4. ഓരോ രോഗങ്ങൾക്കും പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.<br>5. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 6. പൊതുജനങ്ങൾക്ക് ഐഇസി മെറ്റീരിയലുകൾ നൽകുകയും, ഫീൽഡ് തലത്തിൽ അവബോധ ക്ലാസ്സുകൾ നൽകുകയും ചെയ്യുന്നു.<br>7. കോവിഡ്, ഇൻഫ്ലുവൻസ എന്നിവയുടെ നിരീക്ഷണത്തിനും പ്രതിരോധത്തിനും ചികിത്സയ്ക്കുമായി പുതുക്കിയ Combined ABC Guidlines സംസ്ഥാനം കഴിഞ്ഞ വർഷം പുറത്തിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ